# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.429 29.10.2019-ൽ മറുപടിയ്ക്ക്

### സർക്കാരിന്റെ നികുതി - നികുതിയേതര വരുമാനം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം സർക്കാരിന്റെ പ്രതീക്ഷിത വരുമാനം എത്രയെന്നാണ് കണക്കാക്കിയിരുന്നത്; അതിൽ നാളിതുവരെ എന്ത് തുകയാണ് നികുതി - നികുതി യേതര ഇനത്തിൽ സമാഹ രിക്കാൻ കഴിഞ്ഞത്; വിശദ മാക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷം സംസ്ഥാന തനത് നികുതി വരുമാനം, നികുതിയേതര വരുമാനം ഇനങ്ങളിൽ യഥാക്രമം 65784.60 കോടി, 15070.07 കോടി രൂപ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019 ആഗസ്റ്റ് മാസം വരെ സംസ്ഥാന തനത് നികുതി ഇനത്തിൽ 20285.90 കോടി രൂപയും നികുതിയേതര ഇനത്തിൽ 4497.05 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ലോട്ടറി വില്പനയില്യ ടെയും മദ്യ വില്പനയിലൂടെയും എത്ര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം സമാഹ രിച്ചത്; വ്യക്തമാക്കുമോ; | (ബി) | ലോട്ടറി വില്പനയിലൂടെ ഈ സാമ്പത്തിക വർഷം (01.04.2019 മുതൽ 30.09.2019) വരെ 4994.44 കോടി രൂപയും മദ്യവില്പനയിലൂടെ 2019 സെപ്റ്റംബർ 30 വരെ ആകെ 1042.39 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. |
| (സി) | മോട്ടോർ വാഹന സെസ്സ്, പെട്രോളിയം സെസ്സ് എന്നി വയിൽ നിന്നും സർക്കാരി ലേക്കും കിഫ്ബിയിലേക്കും ഈ സാമ്പത്തിക വർഷം സമാഹരിച്ച തുക വേർതിരിച്ച് നൽകാമോ? | (സി) | മോട്ടോർ വാഹന സെസ്സിനത്തിൽ 01.04.2019 മുതൽ 30.06.2019 വരെ 2.73 കോടി രൂപയും പെട്രോളിയം സെസ്സിനത്തിൽ 30.09.2019 വരെ 39.05 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. കിഫ്ബിയ്ക്ക് 22.10.2019 വരെ മോട്ടാർ വാഹന നികുതിയുടെ വിഹിതമായി 1230 കോടിയും പെട്രോൾ, ഡീസൽ സെസ്സിന്റെ വിഹിതമായി 410 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ